ഉത്തരം

(എ) 200 മീറ്ററിനുള്ളിൽ മൂന്നു പാലങ്ങൾ നിർമ്മിച്ചിട്ടില്ല. എന്നാൽ ചെയിനേജ് 18506 മീറ്ററിലും, 18415 മീറ്ററിലും ഓരോ റോഡ് ബ്രിഡ്ജ് കം സ്ലൂപ്പർ പാസേജും ചെയിനേജ് 18230 മീറ്ററിൽ ഒരു സ്ലൂപ്പർ പാസേജും നിർമ്മിച്ചിട്ടുണ്ട്. ആയതിലേക്ക് മൊത്തം 2,97,144 രൂപ ചെലവായിട്ടുണ്ട്.

(ബി) ഇതിനെപ്പറ്റി അന്വേഷിക്കുന്നതും എന്തെങ്കിലും ക്രമക്കേടുണ്ടായിട്ടുള്ളതായിക്കണ്ടാൽ വേണ്ട നടപടികളും എടുക്കുന്നതുമാണ്.

കൊയിലാണ്ടി ശുദ്ധജല പദ്ധതി

282. [455] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൊയിലാണ്ടിയിലും പരിസര പഞ്ചായത്തിലും ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതിക്ക് ഇതേവരെ ചെലവഴിച്ച സംഖ്യ എത്ര ;

(ബി) ഇതിൽ പൈപ്പു വാങ്ങിയ ഇനത്തിൽ എത്ര സംഖ്യ ചെലവഴിച്ചു ;

(സി) ഈ പദ്ധതിക്കുവേണ്ടി അടുത്ത വർഷം എത്ര സംഖ്യ ചെലവഴിക്കാനുദ്ദേശിക്കുന്നു ;

(ഡി) എന്നത്തേക്ക് ഈ പദ്ധതി പൂർത്തിയാകുമെന്നാണ് ഗവൺമെൻറ് കരുതുന്നത് ?

ഉത്തരം

(എ) 470 ലക്ഷം രൂപ

(ബി) 405 ലക്ഷം രൂപ

(സി) 50 ലക്ഷം രൂപ

(ഡി) 1987-88 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ സാധിക്കും എന്ന് കരുതുന്നു.

കുട്ടനാട് വാട്ടർ സപ്ലൈ സ്കീമിനു ബഡ്ജറ്റിൽ നീക്കിവെച്ച തുക

283. [456] ഡോക്ടർ കെ. സി. ജോസഫ് :

ശ്രീ. ടി. എസ് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കുട്ടനാട് വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എന്തു തുകയാണ് നീക്കിവെച്ചത് ;

(ബി) ഈ പദ്ധതി തുടങ്ങിയതിനുശേഷം ഓരോ വർഷത്തെ ബഡ്ജറ്റിലും എന്തു തുക വീതമാണ് നീക്കിവെച്ചിരുന്നത് ;

(സി) കഴിഞ്ഞവർഷം മതിയായ തുക നീക്കിവെയ്ക്കാത്ത സാഹചര്യത്തിൽ ഈ വർഷം കൂടുതൽ തുക നീക്കിവെയ്ക്കാനും ഈ പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തികവർഷമായ 1984-85-ൽ 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly